LIBRARY ARCHIVES Kerala Legislative Assembly

മങ്കട മണ്ഡലത്തിലെ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

24 [1708] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി മിനിമം ഗ്യാരണ്ടി ഒപ്പുവച്ച എത്ര അപേക്ഷകർ ഉണ്ട്;

(ബി) ഏത് തീയതി വരെയുള്ള അപേക്ഷകൾക്കാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്;

(സി) വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മങ്കട മണ്ഡലത്തിലെ അപേക്ഷകർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന് മിനിമം ഗ്യാരണ്ടി എഗ്രിമെന്റുകൾ പ്രകാരം 151 അപേക്ഷകർക്ക് കണക്ഷൻ നൽകാനുണ്ട്.

(ബി) 31-3-1997 വരെ.

(സി) വർഷം തോറും ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം എല്ലാ അപേക്ഷകർക്കും വൈദ്യുതി ലഭ്യമാക്കുന്നതിന് തികയാതെ വരുന്നതിനാലാണ് കാലതാമസമുണ്ടാകുന്നത്.

(ഡി) സംസ്ഥാനാടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് നിശ്ചയിക്കപ്പെടുന്ന കാലപരിധിക്കനുസരിച്ച് കണക്ഷനുകൾ നൽകുന്നതാണ്.

മഞ്ചേരിയിലെ വൈദ്യുതി ഭവൻ

25 [1709] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ വൈദ്യുതി ബോർഡിന്റെ ഏതെല്ലാം ഓഫീസുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഓഫീസുകളുടെ വാടകയായി മാസംതോറും ചെലവാക്കുന്ന സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) മഞ്ചേരിയിൽ നിർമ്മാണം പൂർത്തിയായ വൈദ്യുതി ഭവൻ എന്ന് ഉദ്ഘാടനം ചെയ്യാൻ കഴിയും; ഇതിന്റെ ഉദ്ഘാടനം വൈകുന്നതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൈദ്യുതി ഭവൻ തുറക്കുന്നതിന് എന്താണ് തടസ്സം എന്നും എന്നത്തേക്ക് അതിന്റെ പ്രവർത്തനം തുടങ്ങുമെന്നും പറയാമോ?

ഉത്തരം

(എ) ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് (മഞ്ചേരി), ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് (മഞ്ചേരി), ഇലക്ട്രിക്കൽ സെക്ഷൻ മഞ്ചേരി സൗത്ത്, ഇലക്ട്രിക്കൽ സെക്ഷൻ മഞ്ചേരി നോർത്ത്, സബ് റീജിയണൽ സ്റ്റോർ എന്നീ ഓഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(ബി) 30,293 രൂപ.

(സി ആന്റ് ഡി) മഞ്ചേരി വൈദ്യുതി ഭവന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. 2004 ഫെബ്രുവരി മാസത്തിൽ ഉദ്ഘാടനം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആറന്മുള നിയോജകമണ്ഡലത്തിലെ പുഞ്ചപ്പാടങ്ങളിൽ ജലം എത്തിക്കുന്നതിനു വേണ്ടി മോട്ടോർ പ്രവർത്തിപ്പിക്കുവാൻ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടി

26 [1710] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ 800 ഏക്കറോളം വരുന്ന പുഞ്ചപ്പാടങ്ങളിൽ യഥാസമയം ജലം എത്തിക്കുന്നതിനുവേണ്ടി മോട്ടോർ പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ;

(സി) പാടശേഖരങ്ങളിൽ ജലതടസ്സം നീക്കി കർഷകരെ രക്ഷിക്കാൻ ജല വിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ?

2/198/2013—13.

LIBRARY ARCHIVES Kerala Legislative Assembly